സംസ്ഥാനത്ത് 'ഭവന സാക്ഷരത' വേണം-മന്ത്രി ചന്ദ്രശേഖരൻ

# ലാറി ബേക്കറുടെ സ്മരണയിൽ നഗരം



സംസ്ഥാന ഭവനനിർമാണ വകുപ്പിന്റെയും ലാറി ബേക്കർ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെയും ആഭിമുഖ്യത്തിൽ നടന്ന ലാറി ബേക്കർ അനുസ്മരണം മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു

വീടുനിർമാണത്തിൽ ചെലവു ചുരുക്കിക്കൊണ്ടുള്ള 'ഭവന സാക്ഷരത' സംസ്ഥാനത്തിന് ആവശ്യമാണെന്ന് മന്ത്രി ഇ.ചന്ദ്രശേഖരൻ. ഭവനനിർമാണ വകുപ്പ്, ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ്, നിർമിതികേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന ലാറി ബേക്കർ അനുസ്മരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രളയം ഉൾപ്പെടെയുള്ള ദുരന്തങ്ങൾ മുന്നിൽക്കണ്ട് നിയന്ത്രിതരീതിയിൽ ചെലവു കുറഞ്ഞ കെട്ടിടങ്ങൾ നിർമിച്ചയാളായിരുന്നു ലാറി ബേക്കർ. ഭവനനിർമാണത്തിൽ ഒരു പുതിയ സംസ്കാരംതന്നെ നാട്ടിലുണ്ടാക്കാൻ ആ വലിയ മനുഷ്യനായി. സാമൂഹിക സാമ്പത്തിക മേഖലകളിൽ വളർച്ച നേടിയതോടെ മാന്യതയുടെ മാനദണ്ഡംതന്നെ സമ്പത്തും വലിയ വീടും എന്നായി മാറി. നവകേരള നിർമാണത്തിൽ ലാറി ബേക്കറുടെ രീതികൾ ഉൾക്കൊണ്ട് ഭവന സാക്ഷരത ഉണ്ടാകണം-മന്ത്രി പറഞ്ഞു.

ഹാബിറ്റാറ്റ് ചെയർമാൻ ജി.ശങ്കർ, ഹൗസിങ് കമ്മിഷണർ ബി. അബ്ദുൾ നാസർ, സംസ്ഥാന ഭവനനിർമാണ ബോർഡ് ചെയർമാൻ പി. പ്രസാദ്, പ്ലാനിങ് ബോർഡ് അംഗം മൃദുൽ ഈപ്പൻ, ഡോ. ശേഖർ കുര്യാക്കോസ് തുടങ്ങിയവർ പങ്കെടുത്തു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിങ്, കോളേജ് ഓഫ് ആർക്കിടെക്ച്ചർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് എന്നിവരുമായി സഹകരിച്ചായിരുന്നു രണ്ടു ദിവസത്തെ അനുസ്മരണ പരിപാടി.

ഭവനനിർമാണ മേഖലയുമായി ബന്ധപ്പെട്ട സെമിനാറുകൾ, പ്രോജക്ട് അവതരണങ്ങൾ, പൊതു ചർച്ച, പ്രദർശനങ്ങൾ എന്നിവയും അനുസ്മരണത്തിന്റെ ഭാഗമായി നടന്നു.

## പദ്മശ്രീയേക്കാൾ മൂല്യം ആ കൊച്ചു കുറിപ്പിന്-ശങ്കർ

'ഈ യുവ ആർക്കിടെക്ട് നിങ്ങൾക്ക് മുതൽക്കൂട്ടാവും. ഇംഗ്ലണ്ടിൽ നിങ്ങൾ നൽകുന്ന അക്കാദമിക് മികവ് ഇദ്ദേഹം ഇന്ത്യയിൽ നന്നായി ചെലവഴിക്കും എന്ന് ഉറപ്പുണ്ട്. ഇയാൾ ഒരു പാർപ്പിട പ്രസ്ഥാനത്തിനുതന്നെ തുടക്കമിടും'-ലാറി ബേക്കർ എന്ന പ്രതിഭാശാലി തനിക്കായി എഴുതിയ ഈ ചെറുകുറിപ്പ് അദ്ദേഹത്തിന്റെ പ്രിയ ശിഷ്യൻ ജി.ശങ്കർ വീണ്ടും ഓർത്തു. തനിക്കുലഭിച്ച പദ്മശ്രീയേക്കാൾ മൂല്യം ഈ കത്തിന് കല്പിക്കുന്നുണ്ടെന്ന് ശങ്കർ പറഞ്ഞു. ലാറി ബേക്കർ അനുസ്മരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു ശങ്കർ.

സർട്ടിഫിക്കറ്റിൽ മാർക്ക് കുറവായിരുന്ന തനിക്ക് ഇംഗ്ലണ്ടിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള യോഗ്യത നൽകിയത് ഈ കത്തായിരുന്നു. വാക്കും പ്രവൃത്തിയും തമ്മിൽ ഒരു പൊരുത്തക്കേടുമില്ലാത്ത സുന്ദരവ്യക്തിയും മനുഷ്യനുമായിരുന്നു ലാറി ബേക്കർ. ഇന്നും പ്രളയമുണ്ടാവുമ്പോഴോ പ്രതിസന്ധികൾ നേരിടുമ്പോഴോ ലാറി ബേക്കറുടെ ഏതെങ്കിലും നിർമിതിയിലേക്കു പോയാൽമതി. അത് ഊർജം പകരും. എന്നാൽ, അക്കാലത്ത് അദ്ദേഹം മുള്ളിൽ ചവിട്ടിയാണ് നടന്നത്. ഒരുപാട് ആക്രമണങ്ങൾ അദ്ദേഹത്തിന് ഒറ്റയ്ക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. ബേക്കർ നിർമിച്ച കെട്ടിടങ്ങളെ മുൻനിർത്തി അന്വേഷണങ്ങൾ നടത്തണമെന്നുവരെ പരാതികൾ ഉയർത്തി. മൂന്നാം ലോകരാജ്യത്തിന്റെ മുഖരായ മാറ്റിയ ആളായിരുന്നു ബേക്കറെന്നും ശങ്കർ പറഞ്ഞു.